# MISSION OF JESUS LOVE

✆: 0493 - 647183

P. O. MYLAMBADI , WAYANAD, KERALA - 673 591

Patron: H. G. Dr. യൂഹാനോൻ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത

Director: Fr. ജേക്കബ് മീഖായേൽ പുല്ല്യാട്ടേൽ


## ഇനിയും ജലസേചന പദ്ധതികൾ നമുക്കു വേണോ?...

പ്രിയ സുഹൃത്തേ,

**കബനി നദീതടത്തിലെ വൃഷ്ടി പ്രദേശത്തെ ജലസമ്പത്ത് ശേഖരിച്ച് ഉപയോഗിക്കുന്നതിനായി വയനാട്ടിൽ അഞ്ച് ജലസേചന പദ്ധതികൾ നിർമ്മിക്കുന്നതിന് കേരള സർക്കാറിന്റെ പൊതു ഖജനാവിലെ തുക ഉപയോഗിച്ച് ആവശ്യമായ അന്വേഷണങ്ങൾ നടത്തി നടപ്പിലാക്കുന്നതിനായി ജലസേചന വകുപ്പിന്റെ** G. O. (M.S.) No: 4/99 Ir. D. Dated: Thiruvananthapuram 30-1-1999 ലെ ഉത്തരവിൽ പറയുന്നു.

| പദ്ധതി | നിർമ്മാണ ചെലവ് | അന്വേഷണ ചെലവ് |
|---|---|---|
| ചുണ്ടാലിപ്പുഴ | 30 കോടി രൂപ | 30 ലക്ഷം രൂപ |
| കല്ലമ്പതി | 40 കോടി രൂപ | 40 ലക്ഷം രൂപ |
| കടമാൻതോട് | 30 കോടി രൂപ | 25 ലക്ഷം രൂപ |
| ചേകാട് | 25 കോടി രൂപ | 25 ലക്ഷം രൂപ |
| നൂൽപ്പുഴ | 40 കോടി രൂപ | 30 ലക്ഷം രൂപ |

**ഈ അഞ്ച് പദ്ധതികളുടെയും അന്വേഷണത്തിനും നടത്തിപ്പിനുമായി രണ്ട് സബ് ഡിവിഷനുകൾ തുടങ്ങുവാനും അനുവദിച്ചിട്ടുണ്ട്. Head of Account 4701 - 80 - 800 - 94ൽ നിന്ന് 170 ലക്ഷം രൂപ ഇവയ്ക്കായി നീക്കിവെച്ചിട്ടുണ്ട്.**

1-7-1998, 17-4-1998, 11-11-1998 എന്നീ തിയ്യതികളിലെ ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ – തിരുവനന്തപുരത്തിലെ കത്തിലെ സൂചനകൾ അനുസരിച്ചും കേരളത്തിലെ പൊതുവായ താല്പര്യങ്ങൾക്ക് അനുസരിച്ചുമാണ് 4/99 dt: 30-1-1999ലെ ഉത്തരവ് എന്നു മനസ്സിലാക്കാൻ കഴിയുന്നു.

വയനാട്ടിൽ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികൾക്കു പുറമെ വയനാട്ടിൽ ഇനി 5 ജലസേനചനപദ്ധതികൾ കൂടി കൊണ്ടുവന്ന് കേരളത്തിന്റെ പൊതുതാല്പര്യത്തിന്റെയും വികസനത്തിന്റെയും പേരുപറഞ്ഞ് വയനാടിനെ ജലസമുദ്രമാക്കിമാറ്റുവാൻ സർക്കാർ മുന്നോട്ടുപോകുകയാണെന്ന് ഈ ഉത്തരവിൽ നിന്ന് മനസ്സിലാക്കാൻ കഴിയും.

### നമ്മൾ എന്തു ചെയ്യണം?

ചുണ്ടാലിപ്പുഴ, കല്ലമ്പതി, കടമാൻതോട്, ചേകാട്, നൂൽപ്പുഴ പദ്ധതികൾ വരാതിരിക്കാൻ പദ്ധതി പ്രദേശത്തെ ജനങ്ങൾ എല്ലാവിധ സ്വാർത്ഥ ചിന്തയും വെടിഞ്ഞ് ഒറ്റക്കെട്ടായി പദ്ധതിക്കെതിരെ പ്രതികരിക്കേണ്ടിയിരിക്കുന്നു. ജനങ്ങൾ ഒറ്റക്കെട്ടായി നിന്നാൽ തന്നെ അവരെ ചിതറിക്കുവാൻ രാഷ്ട്രീയ പാർട്ടികൾ ശ്രമിക്കും. അതു നമ്മുടെ അനുഭവമാണ്.

മാനന്തവാടി പദ്ധതിക്കെതിരെ ജനങ്ങൾ ഒറ്റക്കെട്ടായി നിന്നപ്പോൾ ഒരു പ്രബല രാഷ്ട്രീയ കക്ഷിയുടെ നേതാവ്, ജനങ്ങൾ പദ്ധതിയുമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടു. ആ രാഷ്ട്രീയക്കാർ ആക്ഷൻ കൗൺസിലുമായി സഹകരിക്കാതെ വന്നപ്പോൾ ആ പ്രദേശത്തെ സന്നദ്ധ സംഘടനകളുടെയും വൈദികരുടെയും നേതൃത്വത്തിൽ രാഷ്ട്രീയ, മത, ജാതി ചിന്തവെടിഞ്ഞ് ഒറ്റക്കെട്ടായി നിന്നു. ഇപ്പോൾ സർക്കാർ വളരെ പിന്നോട്ട് പോയിരിക്കുന്നു.

ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് പദ്ധതിപ്രദേശത്തെ ജനങ്ങൾ മുന്നോട്ടുവരേണ്ടിയിരിക്കുന്നു. അവസാനം വരെ ഒറ്റക്കെട്ടായി മുന്നേറുവാൻ നമുക്ക് വിഭാഗീയചിന്ത വെടിയാം.

വയനാട്ടിലെ ആദിവാസികളുടെ ഉന്മൂല നാശത്തിനും, കുടിയേറ്റക്കാരെ നശിപ്പിക്കുവാനും മാത്രമേ ഈ പദ്ധതികൾ ഉപകരിക്കുകയുള്ളൂ. ഏകദേശം 600-ൽപരം ആദിവാസി കുടുംബങ്ങൾ വഴിയധാരമാകുന്ന അവസ്ഥയാണ് ചുണ്ടാലിപ്പുഴ പദ്ധതി നിലവിൽ വന്നാൽ സംഭവിക്കുന്നതെന്ന് **ആദിവാസി യുവജനസമിതി** ജില്ലാപ്രസിഡണ്ട് എം. ടി. മണി പാക്കവും, വേടക്കണ്ടി വിജയൻ മീനങ്ങാടിയും അറിയിക്കുകയുണ്ടായി.

ജനങ്ങളുടെ നന്മയുടെ പക്ഷത്ത് എന്നും **യാക്കോബായ സുറിയാനി സഭയിലെ മിഷൻ ഓഫ് ജീസസ്സ്** ലൗ ഉണ്ടായിരിക്കും. പദ്ധതി പ്രദേശങ്ങളിലെ എല്ലാ വിഭാഗക്കാരേയും ഉൾപ്പെടുത്തി സർവ്വകക്ഷി യോഗം ചേർന്ന് കർമ്മ സമിതി രൂപീകരിക്കുവാൻ (ആക്ഷൻ കൗൺസിൽ) എല്ലാവിധ സഹായസഹകരണങ്ങളും മിഷൻ ഓഫ് ജീസസ്സ് ലൗ നൽകുന്നതാണ്. ജനങ്ങളെ വിഭാഗീയതയുടെയും രാഷ്ട്രീയത്തിന്റെയും പേരിൽ പലതട്ടുകളിലാക്കാതെ ഈ പദ്ധതികൾക്കും സർവ്വേയ്ക്കും എതിരായി ഒറ്റക്കെട്ടായി നമുക്ക് മുന്നേറാം.

ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് –

സ്നേഹപൂർവ്വം,

9/6/99

മൈലമ്പാടി

9-6-99

ഫാദർ ജേക്കബ് മിഖായേൽ പുല്ല്യാട്ടേൽ (ഡ

വയനാട് പ്രിന്റേഴ്സ്, ബത്തേരി ☎ 621167

| | | |
|---|---|---|
| 45-5 x 13-5 | = | 614-25 |
| 7-5 x 13 | = | 97-5 |
| 2-75 x 29 | = | 79-75 |
| 17 x 9 | = | 153-00 |
| 6-75 x 3 | = | 20-25 |
| 25 x 1-75 | = | 43-75 |
| 9 x 2-5 | | 22-5 |
| 16 x 3-5 | = | 56- |
| | | 1087 |

3മുതൽ 4 വരെ

**ചർച്ചകളുടെ റിപ്പോർട്ടിംഗും ക്രോഡീകരണവും**

**നിയമം:**

**ആരോഗ്യം:**

**ബദൽ സാങ്കേതികത:**

**സാംസ്കാരിക പ്രവർത്തകരുടെ ഉത്തരവാദിത്തം:**

**മാധ്യമങ്ങളുടെ പങ്ക്:**

**സമര സഹായ പ്രവർത്തനങ്ങൾ:**

ക്രോഡീകരണം : സി.എസ്. വെങ്കിടേശ്വരൻ

**വൈകീട്ട് 5 മണി**

**സമരപ്രഖ്യാപന പൊതുയോഗം**

**മാവൂരിലെ പഴയ സമര പന്തലിൽ**

| | | |
|---|---|---|
| സ്വാഗതം | : | ഡോ: കെ.വി. ഹമീദ് |
| അദ്ധ്യക്ഷ | : | സുഗതകുമാരി |
| സമര പ്രഖ്യാപനം: | | കെ.വി. സുരേന്ദ്രനാഥ് |
| | | ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ |
| | | സക്കറിയ |
| | | ഡോ: ജയശ്രീ |
| | | എ. വാസു |
| | | കെ. വേണു |
| | | ഭാസുരേന്ദ്രബാബു |

"ഇനി ചെറിയ തോതിലുള്ള മലിനീകരണം പോലും ഈ മനുഷ്യരേയും ഭാവി തലമുറയേയും രോഗികളാക്കി കൊന്നൊടുക്കുമെന്നു തന്നെ ഞാൻ ഭയക്കുന്നു. ഇതിൻെറ ഏറ്റവും നല്ല തെളിവ് ഞാൻ തന്നെ"

*-കെ.എ. റഹ്മാൻ*


കമ്പനിയുടെ മലിനീകരണത്തിനെതിരെ മുപ്പതിലധികം വർഷം പൊരുതി ഒടുവിൽ ക്യാൻസർ ബാധിച്ച് ഈയിടെ നമ്മെ വിട്ടുപോയ കെ. എ. റഹ്മാൻെറ സമര സഹായാഭ്യർത്ഥനയിൽ നിന്ന്.

"ഒരിക്കൽ സുഖദമായ വാസസ്ഥലമായിരുന്ന ചാലിയാർതീരം ഇന്ന് നരകതുല്യമായിരിക്കുന്നു. ഈയവസ്ഥ സൃഷ്ടിക്കുന്നതിൽ ഗ്രാസിം കമ്പനി കൃത്യമായ പങ്കുവഹിച്ചിട്ടുണ്ട്. നല്ല ലാഭവിഹിതം ലഭിക്കുന്ന മേഖലകളിലൊന്നാണ് റയോൺസ് വ്യവസായം.... കമ്പനി പുറംതള്ളുന്ന വിഷമാലിന്യങ്ങളിലൊന്ന് രസം (മെർക്കുറി) തന്നെയാണെന്ന് ഓർക്കണം. ഈ രാസവിഷമാലിന്യങ്ങൾ എന്തുമാത്രം ജീവന്ന് ഭീഷണിയാണെന്ന് ഞാൻ പറയേണ്ടതില്ല. ഈ നാട്ടിൽ ജീവിതം, മനുഷ്യജീവിതം, ഇത്രമേൽ വിലയില്ലാത്തതാകരുത്." (30 മാർച്ച്, 1982)

*-ജസ്റ്റിസ് നരേന്ദ്രൻ*

കമല, കാലിക്കറ്റ് -1. ✆ 721020

# ഗ്രാസിം
# മലിനീകരണത്തിനെതിരെ
# സംസ്ഥാന കൺവെൻഷൻ



**1999 ജനുവരി 17 ഞായറാഴ്ച 10 A.M.**

**ഗാന്ധിഗൃഹം, ചെറൂട്ടിറോഡ്**

**കോഴിക്കോട്**

സുഹൃത്തേ,

ചാലിയാറിൻെറ തീരത്ത് തിരിച്ചു കിട്ടാത്ത സൗഭാഗ്യങ്ങൾ നൽകി നമ്മൾ നേടിയ വ്യവസായ സാമ്രാജ്യം- മാവൂർ ഗ്രാസിം കമ്പനി. മുപ്പത്തി അഞ്ച് വർഷമായി ഇവിടെ നിന്നു വമിക്കുന്ന വിഷം ചാലിയാർ തീരത്തെ ഗ്രാമങ്ങളെ കാർന്നുതിന്നുന്നു. അവിടെ മരണം കാത്തിരിക്കുന്ന ഒരു ജനത. രോഗബാധിതരായ, നിശ്ശബ്ദരാക്കപ്പെട്ട തൊഴിലാളികൾ. കണക്കുകൾതീർത്ത് പിരിഞ്ഞു പോവുന്ന സമരനായകർ. രോഗാതുരമായ യൗവ്വനങ്ങൾ. ചാപിള്ളകളുടെയും മന്ദബുദ്ധികളുടെയും ഗ്രാമം. തീർച്ചയായും ഇതിനെല്ലാം ഉത്തരവാദിയായി ഒരു കുറ്റബോധവുമില്ലാത്ത, തുരുമ്പെടുത്ത, ഫാക്ടറിയും മാനേജ്മെൻറും. ഇനിയും ഉണരാത്ത കേരളത്തിൻെറ മനഃസാക്ഷി ഇതാ ഉണർന്നെഴുന്നേൽക്കുകയായി. വിഷം വമിപ്പിക്കുന്ന ഫാക്ടറി എന്നത്തേക്കുമായി അടച്ചു പൂട്ടുവാനായി സാംസ്കാരിക-സാങ്കേതിക- ആരോഗ്യ വിദഗ്ദ്ധരും മനുഷ്യാവകാശ പ്രവർത്തകരും ഒന്നിക്കുന്നു. ഗ്രാസിം വരുത്തിവെച്ച വിനകൾക്ക് പകരം ചോദിക്കാൻ, തൊഴിലാളികൾ കമ്പനിയിൽ ഹോമിച്ച യൗവനത്തിന് പ്രതിഫലം നേടിയെടുക്കാൻ, കൊന്നൊടുക്കിയ ഗ്രാമജീവിതങ്ങൾക്ക് നഷ്ടധനം ലഭ്യമാക്കാൻ. നമ്മൾ സമരത്തിൻെറ മാർഗ്ഗത്തിലേക്ക് തിരിയുകയായി. രാഷ്ട്രീയ-സാംസ്കാരിക നായകന്മാരുടേയും മനുഷ്യാവകാശ പ്രവർത്തകരുടേയും എല്ലാവിധ സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

**പി.കെ.എം.ചേക്കു** — *സെക്രട്ടറി*

**ഡോ: കെ.വി.ഹമീദ്** — *പ്രസിഡൻറ്*

*ചാലിയാർ സമര സമിതി.*

# കാര്യപരിപാടി

*രാവിലെ 10 മണിമുതൽ 11വരെ*

## ഉദ്ഘാടന സമ്മേളനം

സ്വാഗതം : പി.കെ.എം. ചേക്കു
(സെക്രട്ടറി, ചാലിയാർ സമരസമിതി)

അദ്ധ്യക്ഷൻ: ഡോ : കെ.വി.ഹമീദ്
(പ്രസിഡൻറ്, ചാലിയാർ സമരസമിതി)

ഉദ്ഘാടനം : പീതാംബരൻമാസ്റ്റർ.

*11 മുതൽ 12.30 വരെ*

## പ്രമുഖരുടെ പ്രഭാഷണം

1. നിയമം : ജസ്റ്റിസ്. ചന്ദ്രശേഖരമേനോൻ
2. സമര സഹായ പ്രവർത്തനങ്ങൾ : കെ.വി.സുരേന്ദ്രനാഥ്
3. സാംസ്കാരിക പ്രവർത്തകരുടെ ഉത്തരവാദിത്തം : സുഗതകുമാരി
4. മാധ്യമങ്ങളുടെ പങ്ക് : ബി.ആർ.പി. ഭാസ്കർ
5. ആരോഗ്യം : ഡോ: എം.ആർ.ഗോവിന്ദൻ
6. ബദൽ സാങ്കേതിക സാധ്യതകൾ : ഡോ: എ. അച്യുതൻ

*ഉച്ചക്ക് 1 മുതൽ 3വരെ*

## ഓരോ മേഖലയിൽ നിന്നുള്ള വിദഗ്ദ്ധർ നയിക്കുന്ന ചർച്ച

**നിയമം**

*നയിക്കുന്നവർ*

ജസ്റ്റിസ് ചന്ദ്രശേഖര മേനോൻ
ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ
ജോർജ് പുലുക്കുത്തിയേൽ
(ജനനീതി)

**ആരോഗ്യം**

ഡോ: എം.ആർ ഗോവിന്ദൻ
ഡോ: കെ. രാമൻകുട്ടി
ഡോ: ജയശ്രീ
ഡോ: വിജയമാധവൻ

**ബദൽ സാങ്കേതിക സാധ്യതകൾ**

ഡോ: ആർ. വി. ജി. മേനോൻ
ഡോ: എ. അച്യുതൻ
സി.പി. ഗംഗാധരൻ

**സാംസ്കാരിക പ്രവർത്തകരുടെ ഉത്തരവാദിത്തം**

സുഗതകുമാരി
കെ.ജി. ശങ്കരപ്പിള്ള
സക്കറിയ
ഡോ: എം. ഗംഗാധരൻ

**മാധ്യമങ്ങളുടെ പങ്ക്**

ബി.ആർ.പി.ഭാസ്കർ
എൻ. മാധവൻകുട്ടി
(ഇന്ത്യൻ എക്സ്പ്രസ്സ്)
നീലൻ (ഏഷ്യാനെറ്റ്)
എൻ.പി. രാജേന്ദ്രൻ (മാതൃഭൂമി)
മൊയ്തു വാണിമേൽ (മാധ്യമം)

**സമര സഹായ പ്രവർത്തനങ്ങൾ**

കെ.വി. സുരേന്ദ്രനാഥ്
ശിവപ്രസാദ് ( NAPM കൺവീനർ)
റോബിൻ (കേരളീയം)
പ്രൊഫ: പി.കോയ (CHRO)
എലിസബത്ത്
മൈത്രേയൻ
ടി.എൻ. ജോയ്
കെ. അജിത

# എടക്കൽ പാറയിലെ അനധികൃത പട്ടയം റദ്ദാക്കുക.

# പൊതു സ്വത്തുതീറെഴുതിയ ഉദ്യോഗസ്ഥരെ ശിക്ഷിക്കുക.

## 6-3-94 ഞായർ 6 PMന് അമ്പലവയലിൽ പൊതുയോഗം.

---

ബഹുമാന്യരെ,

അമ്പലവയലും എടക്കലും ലോക ഭൂപടത്തിൽ സ്ഥാനം പിടിച്ചത് ശിലായുഗത്തിലെ ചിത്രങ്ങളും, ലിപികളും നിറഞ്ഞ എടക്കൽ ഗുഹയുടെ ചരിത്ര മൂല്യം നിമിത്തമാണ്.

ഏതാനും കരിങ്കൽ മുതലാളിമാരും, ചരിത്ര വിരോധികളായ സന്ദർശകരും ചേർന്ന് എടക്കൽ ഗുഹ നശിപ്പിക്കാനാരംഭിച്ചപ്പോൾ എടക്കൽ ഗുഹാ സംരക്ഷണ സമിതിയും, നാട്ടുകാരും 1986 ൽ പ്രക്ഷോഭ മാരംഭിച്ചപ്പോൾ, ലോകത്തിലാദ്യമായി ഒരു ജനത ഒരു ചരിത്രസ്മാരകം സംരക്ഷിക്കാൻ സമര രംഗത്തു വരികയായിരുന്നു. ഈ ജനതയുടെ ശക്തമായ മുന്നേററത്തെ തുടർന്ന് അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധി ഇടപെട്ട് എടക്കൽ ക്വാറികൾ നിരോധിച്ചു. ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സ് സെക്രട്ടറി ഡോ: ഇർഫാൻ മുഹമ്മദ്, ബോംബെ നാച്വറൽ സൊസൈററിയുടെ നെടുംതൂണായിരുന്ന ഡോ: സലീം അലി തുടങ്ങി ഇന്ത്യയിലെ പ്രമുഖ ചരിത്ര പണ്ഡിതന്മാരും, ചരിത്ര സ്നേഹികളും, പരിസ്ഥിതി പ്രവർത്തകരും ഈ സമരത്തിനു നല്കിയ പിന്തുണ ഇന്നും വയനാടൻ ജനതയുടെ മനസ്സിലുണ്ട്.

എടക്കൽ ഗുഹക്കും, സമീപവാസികളുടെ വീടുകൾക്കും, കൃഷിക്കും, കുടിവെള്ളത്തിനും ഭീഷണി ഉയർത്തിയ എടക്കൽ ക്വാറി സ്ഥിതിചെയ്തിരുന്ന അമ്പുകുത്തിമലനിരയിലെ റവന്യൂപാറസ്ഥ് അമ്പലവയൽ ഡെപ്യൂട്ടി കളക്ടർ-കം-അഡ്മിനിസ്ട്രേററീവ് ഓഫീസിൽ നിന്നും ചിലക്ക് നല്കിയ പട്ടയം റദ്ദാക്കണമെന്നും, പൊതുമുതലിനു പട്ടയം കൊടുത്ത ഉദ്യോഗസ്ഥൻമാരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും, ആവശ്യപ്പെട്ട് എടക്കൽ ക്വാറി വിരുദ്ധ സമിതിയും, ഗുഹാ സംരക്ഷണസമിതിയും നടത്തുന്ന പ്രക്ഷോഭ പരിപാടികൾ വിശദീകരിക്കുന്നതിന് **6-3-94ന് ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് അമ്പലവയൽ ടൗണിൽ നടത്തുന്ന പൊതുയോഗത്തിൽ** വിവിധ രാഷ്ട്രീയ സാമൂഹ്യ - സാംസ്കാരിക - പരിസ്ഥിതി പ്രവർത്തക നേതാക്കൾ പങ്കെടുക്കും. പ്രക്ഷോഭ പരിപാടികളിൽ പങ്കാളികളാകാനും, വിജയിപ്പിക്കുവാനും അഭ്യർത്ഥിക്കുന്നു.

എന്ന്,

**തോമസ് അമ്പലവയൽ**
കൺവീനർ
എടക്കൽ ഗുഹാ സംരക്ഷണ സമിതി

**പി. പി. വർഗീസ്**
പ്രസിഡണ്ട്
എടക്കൽ ക്വാറി വിരുദ്ധസമിതി

അമ്പലവയൽ/1-3-94

ജോസ്കോ ** അമ്പലവയൽ

## വയനാട് പ്രകൃതി സംരക്ഷണ സമിതി.
## സുൽത്താൻബത്തേരി.

പ്രിയ സുഹൃത്തെ,

നമ്മുടെ പരിസ്ഥിതിയും വന്യജീവികളും സാമൂഹ്യ ജീവിതം തന്നെയും നിരന്തരമായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണല്ലോ. മാനന്തവാടി, ഈട്ടാലി പദ്ധതികളും നിരന്തരം തുടരുന്ന പ്രകൃതിനാശവും ആനവേട്ടകളും അധികാരികളുടെ നിഷ്ക്രിയത്വവും കർഷകർക്കുമേലുള്ള ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റവും തൊണ്ണൂറുകളുടെ തുടക്കത്തിലേതുപോലെ ഒരുയർത്തെഴുന്നേൽപ്പിന് സമയമായി എന്നാണ് കാണിക്കുന്നത്.

നിരന്തരം കാലതാക്കുന്ന ഒരു പ്രകൃതി സംരക്ഷണ പ്രസ്ഥാനം നമ്മുടെ അജണ്ടയിൽ നിന്നും പുറത്തായതിന്റെ ദുരന്തം വയനാട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ഈ അവസ്ഥയിൽ പ്രകൃതിയിലും മനുഷ്യനിലും വിശ്വസിക്കുന്നവരുടെ കൂട്ടായ്മ അത്യാവശ്യമായിരിക്കുന്നു.

16.1.1999 ശനിയാഴ്ച ഉച്ചക്ക് 2 മണിക്ക് ബത്തേരി മോഡേൺ ബുക്സിൽ ചേരുന്ന യോഗത്തിൽ താങ്കളും സുഹൃത്തുക്കളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ

തോമസ് അമ്പലവയൽ

11-1-99